**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *108 | 04-02-2019 -ൽ മറുപടിക്ക്

## പ്രളയം മൂലമുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.ഡി.സതീശൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. റോജി എം. ജോൺ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും നാശനഷ്ടങ്ങളുടെയും കണക്ക് റവന്യൂ വകുപ്പ് ഇതുവരെ ശേഖരിച്ചിട്ടുണ്ടോ; | എ), ബി), സി), & ഡി) | സംസ്ഥാനത്ത് പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ട വരുടെയും നാശനഷ്ടങ്ങളുടെയും കണക്കും പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച കടകളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും ചെറുകിട സംരംഭങ്ങളുടെയും കണക്കും ബന്ധപ്പെട്ട വകുപ്പുകൾ വഴിയാണ് ശേഖരിച്ചിട്ടുള്ളത്.<br>സംസ്ഥാനത്ത് പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെയും നാശനഷ്ടങ്ങളുടെയും കണക്ക് തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. പ്രളയത്തിൽ ബാധിക്കപ്പെട്ട ചെറുകിട-ഇടത്തരം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ വിവരങ്ങൾ മൊബൈൽ ആപ്ളിക്കേഷൻ സർവ്വേ മുഖാന്തിരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റും ശേഖരിച്ചിട്ടുണ്ട്.<br>പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് 17/12/2018 ലെ സ.ഉ.നം.(കൈ)27/2018/DMD ഉത്തരവ് |
| ബി) | ഇവരുടെ പുനരധിവാസത്തിനായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | | |
| സി) | പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച കടകളുടെയും വ്യാപാര സ്ഥാപനങ്ങളുടെയും ചെറുകിട സംരംഭങ്ങളുടെയും കണക്ക് റവന്യൂ വകുപ്പ് ഇതുവരെ ശേഖരിച്ചിട്ടുണ്ടോ; | | |
| ഡി) | ഇവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാൻ സർക്കാരിന് നാളിതുവരെ സാധിച്ചിട്ടില്ല എന്ന ആക്ഷേപം വസ്തുതാപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ? | | |

| | | | |
|---|---|---|---|
| | | | പ്രകാരം രൂപം നൽകിയിട്ടുണ്ട്. 2018 -ലെ പ്രളയത്തിൽ ബാധിക്കപ്പെട്ട ചെറുകിട - ഇടത്തരം വാണിജ്യ - വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി ഈ പദ്ധതി പ്രയോജനപ്രദമാണ്. ഇവർക്ക് ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി ഉജ്ജീവന സഹായ പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ